സഹകരണ ബാങ്കുകളിലെ കോർ ബാങ്കിംഗ്

30 (*600) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ഏതെങ്കിലും കമ്പനികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ ;

(സി) ഏപ്രകാരമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കുകയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് എവിടെ നിന്നാണ് കണ്ടെത്തുന്നത് ; ഇതിനുള്ള ചെലവ് കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, ടി ബാങ്കുകളുടെ ശാഖകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയെ ഉൾപ്പെടുത്തി എല്ലാവിധ സൗകര്യങ്ങളുമുള്ള കോർ ബാങ്കിംഗ് നടപ്പിലാക്കുകയും, എ.ടി.എം.-ശൃംഖല സ്ഥാപിച്ച് വായ്പാമേഖലയിൽ സാങ്കേതിക മുന്നേറ്റം നടത്തുന്നതിന് സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഇത് നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഹൈപ്പവർ കമ്മിറ്റിയെ നിയമിക്കുന്നതിന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഹൈപ്പവർ കമ്മിറ്റിയെ നിയമിക്കുന്നതിന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർ ബാങ്കിംഗ് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് കോർ ബാങ്കിംഗിൽ ഉൾപ്പെടുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകളാണ് വഹിക്കേണ്ടത്. കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന ചെലവുകൾ കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly